# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3488**

**12.12.2014 - ൽ മറുപടിക്ക്**

### നീലേശ്വരം മുൻസിപ്പാലിറ്റിക്ക് കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുൻസിപ്പാലിറ്റിക്ക് കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും സ്ഥലം ലഭ്യമാക്കി മന്ത്രിസഭായോഗത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവിറക്കി രണ്ടു വർഷം കഴിഞ്ഞിട്ടും പതിച്ചുകൊടുക്കാൻ കഴിയാതെ വന്നതെന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ? | എ) കാർഷിക സർവ്വകലാശാലാ ഭരണ സമിതിയുടെ 04/10/2013-ൽ കൂടിയ യോഗം, നീലേശ്വരം മുൻസിപ്പാലിറ്റിക്ക് കാർഷിക സർവ്വകലാശാല യുടെ, 2 ഏക്കർ സ്ഥലം വിട്ടുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു. നഗരസഭ ആവശ്യപ്പെട്ട 9-ാം ബ്ലോക്കിനു പകരം 5-ാം ബ്ലോക്കിൽ വരുന്ന സ്ഥലം അനുവദിക്കാമെന്നും 28/09/2013-ൽ അറിയിച്ചിരുന്നു. 11/03/2014-ൽ കാർഷിക സർവ്വകലാശാലാ ആസ്ഥാനത്ത് ഇക്കാര്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിൽ സർവ്വ കലാശാലയുടെയും നഗര സഭയുടെയും ഭാരവാഹി കൾ / ഉദ്യോഗസ്ഥർ മുതലായവർ പങ്കെടുത്ത ചർച്ചയിൽ കാർഷിക സർവ്വകലാശാല നിർദ്ദേശിച്ച 5-ാം ബ്ലോക്കിലെ സ്ഥലം നഗരസഭയ്ക്ക് സ്വീകാര്യമായില്ല.<br>സ്ഥലം വിട്ടുകൊടുക്കുന്നതു സംബന്ധിച്ച അന്തിമ തീരുമാനത്തിനായി ഈ വിഷയം കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Shayma

**സെക്ഷൻ ഓഫീസർ**